നം.വൈ2/249975/21/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം തീയതി: **23.07.2021**

# സർക്കുലർ

**വിഷയം;- പൊ.വി. - 2021-22 വർഷത്തെ സംസ്ഥാന അദ്ധ്യാപക അവാർഡ് നിർണ്ണയ നിർദ്ദേശങ്ങൾ.- സംബന്ധിച്ച്.**

**സൂചന;-**

2021-22 വർഷത്തെ സംസ്ഥാന അദ്ധ്യാപക അവാർഡിന് അർഹതയുള്ള അധ്യാപകരെ കണ്ടെത്തുന്നത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2021-22 വർഷത്തെ സംസ്ഥാന അദ്ധ്യാപക അവാർഡ് പ്രൊപ്പോസലുകൾ ഇതോടൊപ്പമുള്ള ഫാറത്തിൽ സമർപ്പിക്കേണ്ടതാണ്. ഓരോ ജില്ലയിൽ നിന്നും പ്രൈമറി, സെക്കന്ററി വിഭാഗങ്ങളിൽ നിന്ന് അവാർഡുകൾ നൽകേണ്ടതുള്ളതിനാൽ എല്ലാ ജില്ലകളിൽ നിന്നും അവാർഡ് പ്രൊപ്പോസലുകൾ ലഭ്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഒരു ജില്ലയിൽ നിന്ന് പ്രൈമറി തലത്തിലും സെക്കണ്ടറി തലത്തിലും യോഗ്യരായ **3 പേരുടെ** വീതം പ്രൊപ്പോസൽ മാത്രമേ അയയ്ക്കാൻ പാടുള്ളു. ഇതിൽ അദ്ധ്യാപികമാരും അദ്ധ്യാപകൻമാരും ഉൾപ്പെടുന്നു എന്ന് വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഉറപ്പ് വരുത്തേണ്ടതാണ്.

താഴെപ്പറയുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം പ്രൊപ്പോസലുകൾ സമർപ്പിക്കേണ്ടത്.

1. പ്രധാന അദ്ധ്യാപകന് 20 വർഷവും മറ്റ് അദ്ധ്യാപകർക്ക് 15 വർഷത്തിൽ കുറയാത്ത അധ്യയന പരിചയവും ഉണ്ടായിരിക്കണം.

2. സമുഹത്തിൽ അദ്ധ്യാപകർക്ക് ലഭിക്കുന്ന ആദരവും ബഹുമാനവും.

3. അദ്ധ്യാപന കാര്യങ്ങളിലുള്ള കാര്യക്ഷമതയും അവയുടെ പുരോഗതിക്കായുള്ള താൽപര്യവും.

4. സ്കൂൾ ജീവിതത്തിലും പുറത്തുള്ള പ്രവർത്തനമേഖലയിലും അദ്ധ്യാപകന്റെ നേരിട്ടുള്ള പങ്കും സംഭാവനയും.

5. വിദ്യാർത്ഥികളോടുള്ള അദ്ധ്യാപകന്റെ നിർവ്യാജ സ്നേഹവും അവരുടെ ഉയർച്ചയിലുള്ള താൽപര്യവും.

**അപേക്ഷകൾ വിദ്യാഭ്യാസ ഉപഡയറക്ടർമാർ 03/08/2021 വരെ സ്വീകരിക്കേണ്ടതും, തിരഞ്ഞെടുക്കപ്പെടുന്ന പ്രോപ്പോസലുകൾ 10/08/2021 ന് വൈകുന്നേരം 5.00 മണിക്ക് മുമ്പായി ഈ ആഫീസിൽ എത്തിക്കേണ്ടതുമാണ്.**

മേൽ വിവരിച്ചവ സൂക്ഷ്മ പരിശോധന നടത്തി പ്രൊപ്പോസലിൽ കാണിച്ച വിവരങ്ങൾ പൂർണ്ണമായും ശരിയാണെന്ന് ഉറപ്പുവരുത്തിയ ശേഷം മാത്രമേ സമർപ്പിക്കാവൂ. പൂർണ്ണമല്ലാത്തവ മടക്കി അയയ്ക്കേണ്ടി വരുന്നതു മുലം തീരുമാനം എടുക്കുവാൻ താമസമുണ്ടാകുകയും അത് അവാർഡ് നിർണ്ണയത്തെ തന്നെ ബാധിക്കുകയും ചെയ്യും. അതിനാൽ പ്രൊപ്പോസലുകൾ അയയ്ക്കുന്നതിന് മുമ്പ് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കൂടി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1. അപേക്ഷയുടെ 3 കോപ്പി പൂർണ്ണരൂപത്തിൽ അയയ്ക്കേണ്ടതാണ്

2. ഗസറ്റഡ് ആഫീസർ സാക്ഷ്യപ്പെടുത്തിയ 3 മാസത്തിനുള്ളിൽ എടുത്തിട്ടുള്ള 4 പാസ്പോർട്ട് സൈസ് ഫോട്ടോ ഓരോ അപേക്ഷയോടൊപ്പവും അധികമായി ഉണ്ടായിരിക്കണം. ഫോട്ടോയുടെ സി.ഡി പ്രത്യേകം കവറിൽ അപേക്ഷയോടൊപ്പം അയയ്ക്കണം. കവറിന്റെ പുറത്ത് അപേക്ഷകന്റെ പൂർണ്ണ അഡ്രസ്സ് എഴുതിയിരിക്കണം.

3. അപേക്ഷകൾ സമർപ്പിക്കുമ്പോൾ അവാർഡ് സംബന്ധിച്ച നിലവിലുള്ള വ്യവസ്ഥകൾ എല്ലാം പാലിച്ചിരിക്കണം.

4. പ്രൊഫോർമയിലെ എല്ലാ കോളങ്ങളും വിട്ടുപോകാതെ പൂരിപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ അഡീഷണൽ ഷീറ്റിൽ തയ്യാറാക്കി വയ്ക്കണം. **പ്രൊഫോർമയിൽ ഉൾപ്പെടുത്തിയിട്ടുള്ള സാക്ഷ്യപത്രങ്ങൾ (അനുബന്ധം I) വിദ്യാഭ്യാസ ഉപഡയറക്ടർമാർ നിർബന്ധമായും മേലൊപ്പ് വയ്ക്കേണ്ടതാണ്.**

5. ഗവൺമെന്റ് സ്കൂളുകളിലേയും എയ്ഡഡ് സ്കൂളുകളിലേയും അദ്ധ്യാപകർക്ക് തുല്യപരിഗണന നൽകണം.

6. ഓരോ പ്രൊഫോർമയിലും ജില്ലാതല സെലക്ഷൻ കമ്മിറ്റിയിലെ മുഴുവൻ അംഗങ്ങളുടേയും ഒപ്പും വിലാസവും ഉണ്ടായിരിക്കേണ്ടതാണ്. അല്ലാത്തവ സ്വീകരിക്കുന്നതല്ല. ജില്ലാതല സെലക്ഷൻ കമ്മിറ്റിയുടെ മീറ്റിംഗിന്റെ മിനിട്ട്സും ഓരോന്നിലും ഉണ്ടായിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

7. അദ്ധ്യാപകരുടെ വിവിധ മേഖലകളിലുള്ള കഴിവ് തെളിയിക്കുന്നതിന് പ്രൊഫോർമയോടൊപ്പം ധാരാളം രേഖകൾ അടക്കം ചെയ്യുന്ന രീതി പാടില്ല. ഏറ്റവും പ്രസക്തമെന്ന് തോന്നുന്ന രേഖകൾ മാത്രമേ വയ്ക്കാവു.

8. ജില്ലാ കളക്ടർ അധ്യക്ഷനും വിദ്യാഭ്യാസ ഉപഡയറക്ടർ കൺവീനറും മെമ്പർമാരായി ഡയറ്റ് പ്രിൻസിപ്പളും, വിദ്യാഭ്യാസ വകുപ്പിന്റെ നോമിനിയായ വിദ്യാഭ്യാസ വിദഗ്ദ്ധനും ഉൾപ്പെടുന്ന കമ്മിറ്റി അർഹരായവരെ കണ്ടെത്തുന്നതിന്റെ സ്കോർ പ്രത്യേക ഷീറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. പേജ് 1-ൽ കാണിച്ച 5 മാനദണ്ഡങ്ങൾക്ക് മൊത്തം 50 മാർക്ക് എന്ന് കണക്കാക്കി (ഒന്നിന് 10 മാർക്ക്) യാണ് മാർക്കിടേണ്ടത്. വിദ്യാഭ്യാസ ഉപഡയറക്ടർ സ്കോർ ഷീറ്റ് തയ്യാറാക്കി നൽകണം. ഓരോ അദ്ധ്യാപകനും കൈവരിക്കാൻ സാധിച്ച നേട്ടങ്ങൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ പ്രൊഫോർമയുടെ അടിസ്ഥാനത്തിൽ സെലക്ഷൻ കമ്മിറ്റി മുമ്പാകെ അവതരിപ്പിക്കേണ്ടതാണ്. അതിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റി അംഗങ്ങൾ മാർക്കിടണം. ഓരോ വിഭാഗത്തിലും കൂടുതൽ മാർക്ക് ലഭിക്കുന്നവരെ ഈ നിലയിൽ കണ്ടെത്തുകയും ശുപാർശ ചെയ്യേണ്ട അധ്യാപകർ ആരൊക്കെയാണ് തീരുമാനിക്കുകയും വേണം.

9. **ശുപാർശ ചെയ്യപ്പെടുന്ന അദ്ധ്യാപകരെ കുറിച്ചുള്ള ഒരു ലഘുവിവരണം (രണ്ടോ, മൂന്നോ വരിയിൽ, എന്തുകൊണ്ടാണ് ശുപാർശ ചെയ്യപ്പെടുന്നത് എന്നതിനെ കുറിച്ച്) കൂടി തയ്യാറാക്കി അയച്ചുതരേണ്ടതാണ്.**

10. **ജില്ലാതല സെലക്ഷൻ കമ്മിറ്റിയിലേക്ക് ഡിപ്പാർട്ട്മെന്റ് നോമിനിയെ നിശ്ചയിക്കുന്നതിന് രണ്ടോ മൂന്നോ വിദ്യാഭ്യാസ വിചക്ഷണൻമാരുടെ പാനൽ 03/08/2021 ന് മുമ്പ്** supdty.dge@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ അറിയിക്കേണ്ടതും, **പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അംഗീകാരം വാങ്ങിയിരിക്കേണ്ടതുമാണ്.**

11. **ശുപാർശകൾ 10/08/2021 – ന് വൈകുന്നേരം 5 മണിക്ക് മുമ്പായി പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ പബ്ലിക് റിലേഷൻസ് ആഫീസറെ നേരിട്ട് ഏൽപ്പിക്കേണ്ടതാണ്. അപേക്ഷാഫാറത്തിന്റെ മാതൃക ഇതോടൊപ്പം അയയ്ക്കുന്നു.**

വിശ്വസ്തതയോടെ.

**പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)**

**എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും**

## അനുബന്ധം – I

## സാക്ഷ്യപത്രം

സംസ്ഥാന അദ്ധ്യാപക അവാർഡിനുള്ള അപേക്ഷകനായ/അപേക്ഷകയായ ശ്രീ/ ശ്രീമതി ……………………………………………….. നെ സംബന്ധിച്ച താഴെ പറയുന്നവ ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ക.** ടിയാൻ പുകവലി, മദ്യപാനം, മറ്റ് മയക്ക് മരുന്നുകൾ ഉൾപ്പെടെയുള്ള ലഹരിവസ്തുക്കൾ തീർത്തും ഉപയോഗിക്കാത്ത ആളാണ്.

**കക.** ടിയാൻ സംശുദ്ധമായ പൂർവ്വകാല ചരിത്രം ഉള്ള ആളാണ്. കൂടാതെ വകുപ്പ് തലത്തിലോ മറ്റ് ഏതെങ്കിലും തരത്തിലോ ഉള്ള അച്ചടക്ക/നിയമ നടപടികൾക്ക് വിധേയനായിട്ടില്ല.

**വിദ്യാഭ്യാസ ഉപഡയറക്ടർ**